# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംബർ: 468 — 04/07/2012 – ൽ മറുപടിയ്ക്ക്

## ജയിലുകളിൽ ലീഗൽ എയ്ഡ് ക്ളിനിക്കുകൾ

ചോദ്യം — മറുപടി

ശ്രീ. ആർ. സെൽവരാജ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ലൂഡി ലൂയിസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലീഗൽ എയിഡ് ക്ളിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ 24 ജയിലുകളിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ കീഴിലുള്ള നിയമസഹായ ക്ളിനിക്കുകൾ നടന്നു വരുന്നു. നിയമസഹായ ക്ളിനിക്കുകളുടെ അഭാവത്തിൽ അതാതു താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തിരം തടവുകാർക്ക് നിയമ സഹായം ലഭ്യമാക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജയിലുകളിലും ലീഗൽ എയ്ഡ് ക്ളിനിക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടില്ലെങ്കിലും നിയമസഹായം ആവശ്യമുള്ള എല്ലാ ജയിൽ അന്തേവാസികൾക്കും സൗജന്യ നിയമസഹായം ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തിരം ലഭ്യമാക്കി വരുന്നു. |

| | |
|---|---|
| (ബി) ലീഗൽ എയ്ഡ് ക്ലിനിക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ 12-ാം വകുപ്പ് പ്രകാരം പാർശ്വവൽക്കരിക്കപ്പെട്ട എട്ടു ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് നീതിപീഠങ്ങളിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക്, തങ്ങളുടെ നിയമ പ്രശ്നങ്ങൾക്കുള്ള പരിഹാരവും നിയമോപദേശവും ഒരു പ്രാദേശിക സംവിധാനത്തിലൂടെ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് ലീഗൽ എയ്ഡ് ക്ലിനിക്കുകളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. നിയമസഹായം ആവശ്യമുള്ള എല്ലാ ജയിൽ അന്തേവാസികൾക്കും സൗജന്യ നിയമസഹായം ലീഗൽ സർവ്വീസസ് അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ക്ലിനിക്കുകൾ വഴി തടവുകാർക്ക് ലഭിക്കുന്നത് ; | (സി) യും (ഡി) യും ജയിലുകളിലെ ലീഗൽ എയ്ഡ് ക്ലിനിക്കുകളിൽ നിയോഗിച്ചിട്ടുള്ള അഭിഭാഷകർ മുഖേന ജാമ്യാപേക്ഷ തയ്യാറാക്കുന്നതിനും അഭിഭാഷകരുടെ സേവനം ആവശ്യമുള്ള എല്ലാ വിചാരണത്തടവുകാർക്കും യഥാസമയം അപ്പീലുകൾ ഫയൽ ചെയ്യുന്നതിനും ഇളവ്, പരോൾ ഇവ ലഭിക്കുന്നതിനുള്ള അപേക്ഷ തയ്യാറാക്കുന്നതിനുമുള്ള സൗകര്യം തടവുകാർക്ക് നൽകി വരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ